പത്രക്കുറിപ്പ്
03-11-2017

# റെയിൽവേ സേവനം മെട്രോ നിലവാരത്തിലേക്കുയർത്താൻ കുടുംബശ്രീ വനിതകൾക്ക് പ്രത്യേക പരിശീലനം

തിരുവനന്തപുരം: കേരളത്തിലെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ പാർക്കിങ് അടക്കമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകൾക്ക് അവരുടെ സേവന നിലവാരം കൊച്ചി മെട്രോ റെയിലിൽ നൽകുന്ന തലത്തിലേക്കുയർത്താൻ പ്രത്യേക ദ്വിദിന പരിശീലനം ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ പാർക്കിങ്ങും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ റെയിൽവേ സ്റ്റേഷനുകളിലെ എസി വിശ്രമ കേന്ദ്രം പ്രവർത്തനങ്ങളുമാണ് കുടുംബശ്രീ വനിതകൾ കൈകാര്യം ചെയ്യുന്നത്. ഈ മേഖലകളിൽ ആകെ 230 കുടുംബശ്രീ വനിതകൾ പ്രവർത്തിക്കുന്നു. റെയിൽവേ അധികൃതരും കുടുംബശ്രീ പ്രതിനിധികളും നടത്തിയ ചർച്ചയിലാണ് പരിശീലന പരിപാടി നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്.

കേരളത്തിന്റെ വികസനമേഖലയിൽ നാഴികകല്ലായി മാറിയ കൊച്ചി മെട്രോയിൽ വിവിധ മേഖലകളിൽ നിസ്തുലമായ സേവനമാണ് കുടുംബശ്രീ വനിതകൾ നൽകുന്നത്. വനിതകൾ മാനേജ് ചെയ്യുന്ന ലോകത്തിലെ ആദ്യ മെട്രോയുമാണ് കേരളത്തിലേത്. കുടുംബശ്രീ വനിതകളെന്നാൽ മാലിന്യശേഖരണം, പ്രദർശനമേളകളിൽ ഉത്പന്നങ്ങൾ വിറ്റഴിക്കൽ, ചെറുകിട സംരംഭങ്ങൾ നടത്തൽ എന്നിങ്ങനെ ചുരുക്കം ചില മേഖലകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവരെന്ന ധാരണകളെല്ലാം മാറ്റിമറിച്ചാണ് മെട്രോ റെയിൽവേയിൽ കുടുംബശ്രീ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ടിക്കറ്റ് നൽകൽ, കസ്റ്റമർ കെയർ, ഗാർഡനിങ്, പാർക്കിങ് തുടങ്ങിയ മേഖലകളിൽ യാതൊരു പരാതിക്കുമിടവരുത്താതെ അവർ പ്രവർത്തിക്കുന്നു. ഇതിനെല്ലാം നേതൃത്വം നൽകുന്ന കുടുംബശ്രീ മെട്രോ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

രണ്ട് സോണുകളിലായാണ് പരിശീലനം നൽകുന്നത്. ഓരോ സോണിലുമുള്ള വനിതകളെ രണ്ട് ബാച്ചുകളാക്കി തിരിച്ച് നാല് ദിനങ്ങളിലായാണ് പരിശീലനം. എറണാകുളം, കോട്ടയം, തൃശൂർ എന്നീ ജില്ലകളിലുള്ളവർക്കുള്ള പരിശീലനം എറണാകുളത്ത് ഒക്ടോബർ 30 മുതൽ നവംബർ 2 വരെയായിരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലുള്ളവർക്ക് നവംബർ 8 മുതൽ 11 വരെയും പരിശീലനം നൽകും.

കഴിഞ്ഞ രണ്ട് വർഷമായി കുടുംബശ്രീ വനിതകൾ റെയിൽവേ സേവന മേഖലയിൽ പ്രവർത്തിച്ചുവരുന്നു. സേവനദാതാക്കളുടെ വ്യക്തിപരവും തൊഴിൽപരവുമായ മികവ് മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകമായി തയാറാക്കിയ പരിശീലന രീതികളാണ് പിന്തുടരുക. ഉപയോക്താക്കളെ കൂടുതൽ മനസ്സിലാക്കി അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഫലപ്രദമായ രീതിയിൽ അവരോട് ഇടപെട്ട് സേവനങ്ങൾ നൽകുവാൻ ഈ വനിതകളെ പരിശീലനം വഴി പ്രാപ്തരാക്കും. ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനവും നൽകും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ